ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 10.10.2024** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. പ്രമുഖ വ്യവസായിയും ടാറ്റാ ഗ്രൂപ്പിന്റെ മുൻ ചെയർമാനുമായിരുന്ന രത്തൻ ടാറ്റ അന്തരിച്ചു ; രത്തൻ ടാറ്റയുടെ വിയോഗത്തിൽ അനുശോചനം രേഖപ്പെടുത്തി രാഷ്ട്രപതി, ഉപരാഷ്ട്രപതി, പ്രധാനമന്ത്രി ഉൾപ്പെടെ പ്രമുഖർ.

   **Prominent industrialist and former chairman of the Tata Group, Ratan Tata, passed away. President, Vice-President and Prime Minister have grieved the demise of Ratan Tata.**

2. പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ രണ്ട് ദിവസത്തെ ലാവോസ് സന്ദർശനത്തിന് ഇന്ന് തുടക്കം ; ആസിയാൻ-ഇന്ത്യ ഉച്ചകോടിയിലും ഈസ്റ്റ് ഏഷ്യ ഉച്ചകോടിയിലും പ്രധാനമന്ത്രി പങ്കെടുക്കും.

   **Prime Minister Narendra Modi to embark on a two-day visit to Laos today to attend ASEAN-India and East Asia Summits.**

3. പോഷക സുരക്ഷിതത്വം ഉറപ്പാക്കുന്നതിനായി സമ്പുഷ്ടീകരിച്ച അരിയുടെ സൗജന്യ വിതരണം 2028 ഡിസംബർ വരെ തുടരുന്നതിന് അംഗീകാരം നൽകി കേന്ദ്ര മന്ത്രിസഭ.

   **Union Cabinet approves extension of free distribution of fortified rice till December 2028 to ensure nutritional security.**

4. രണ്ടാമത് കരസേനാ കമാൻഡേഴ്സ് കോൺഫറൻസിന്റെ ആദ്യ ഘട്ടത്തിന് ഇന്ന് സിക്കിമിൽ തുടക്കം ; രാജ്യ രക്ഷാ മന്ത്രി രാജ്നാഥ് സിംഗ് സമ്മേളനം അഭിസംബോധന ചെയ്യും.

**The first phase of Second Army Commanders' Conference for the year 2024 will be organised in Sikkim from today. Union Minister of Defense Rajnath Singh will address the conference.**

5. തൊഴിലിടങ്ങളിലെ മാനസികാരോഗ്യം എന്ന പ്രമേയത്തിൽ ഊന്നി ഇന്ന് ലോക മാനസികാരോഗ്യ ദിനം.

**World Mental Health Day is being observed across the globe today. The theme for this year is Mental Health at Work.**

6. ഇന്ത്യ- ബംഗ്ലാദേശ് ട്വന്റി-20 ക്രിക്കറ്റ് പരമ്പര സ്വന്തമാക്കി ഇന്ത്യ ; ഐസിസി വനിതാ ട്വന്റി- 20 ലോകകപ്പ് മത്സരത്തിൽ ശ്രീലങ്കയ്ക്കെതിരെ ഇന്ത്യക്ക് തകർപ്പൻ ജയം.

**India won the India-Bangladesh Twenty20 cricket series. India beat Sri Lanka in the ICC Women's Twenty20 World Cup match.**

**********************************

## RATAN TATA .. INTRO

പ്രമുഖ വ്യവസായിയും ടാറ്റാ ഗ്രൂപ്പിന്റെ മുൻ ചെയർമാനുമായിരുന്ന രത്തൻ നവൽ ടാറ്റ വിടവാങ്ങി. 86 വയസ്സായിരുന്നു. മുംബൈയിൽ സ്വകാര്യ ആശുപത്രിയിൽ ഇന്നലെ രാത്രി ആയിരുന്നു അന്ത്യം.

(വോയ്സ്)

ഇന്ത്യയിലെ ഏറ്റവും ആദരണീയരായ വ്യവസായികളിൽ ഒരാളാണ് രത്തൻ ടാറ്റ. മികവ്, സമഗ്രത, നൂതനത്വം എന്നിവയോടൊപ്പം ധാർമികതയും മുറുകെ പിടിച്ച അതുല്യ പ്രതിഭയായിരുന്നു അദ്ദേഹം. 1962 ലാണ് അദ്ദേഹം ടാറ്റാ ഗ്രൂപ്പിൽ ചേരുന്നത്. രണ്ട് പതിറ്റാണ്ടിലേറെ ടാറ്റ സൺസിന്റെ നേതൃസ്ഥാനത്തു നിന്ന ആദ്ദേഹത്തിന്റെ മേൽനോട്ടത്തിലാണ് ടാറ്റ ഗ്രൂപ്പ് ആഗോള തലത്തിലേക്ക് വളർന്നത്. ടാറ്റ സൺസ്, ടാറ്റ

ഇൻഡസ്ട്രീസ്, ടാറ്റ മോട്ടോഴ്സ്, ടാറ്റ സ്റ്റീൽ, ടാറ്റ കെമിക്കൽസ് എന്നിവയുടെ ചെയർമാൻ എമിരിറ്റസ് എന്ന ബഹുമതി ടാറ്റയ്ക്ക് ലഭിച്ചു. ടാറ്റ ട്രസ്റ്റുകളിലൂടെ ജീവകാരുണ്യ പ്രവർത്തനങ്ങളിൽ ആഴത്തിൽ ഏർപ്പെട്ടിരുന്ന അദ്ദേഹത്തെ പത്മഭൂഷൺ, പത്മവിഭൂഷൺ ഉൾപ്പെടെ നിരവധി പുരസ്കാരങ്ങൾ നൽകി രാജ്യം ആദരിച്ചു. വ്യവസായത്തിന് പുറമെ ജീവകാരുണ്യത്തിനും സമൂഹത്തിന്റെ വികസനത്തിനുമുള്ള അദ്ദേഹത്തിന്റെ സമർപ്പണം ദശലക്ഷക്കണക്കിന് ആളുകളുടെ ജീവിതത്തെയാണ് സ്പർശിച്ചത്. പൂർണ ഔദ്യോഗിക ബഹുമതികളോടെയാണ് അദ്ദേഹത്തിന്റെ അന്ത്യകർമങ്ങൾ നടത്തുമെന്ന് മഹാരാഷ്ട്ര സർക്കാർ അറിയിച്ചു. മഹാരാഷ്ട്രയിൽ ഒരു ദിവസത്തെ ദുഖാചരണം പ്രഖ്യാപിച്ചു. രത്തൻ ടാറ്റയുടെ എളിമയുടെയും ലക്ഷ്യബോധത്തിന്റെയും പൈതൃകം രാജ്യവികസനത്തിന് എന്നുംപ്രചോദനമായിരുന്നു.

**ന്യൂസ് ഡെസ്ക് ,ആകാശവാണി**

***********************************

## TATA CONDOLENCES

രാഷ്ട്രപതി ദ്രൗപതി മുർമു, ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ, പ്രധാനമന്ത്രി നരേന്ദ്ര മോദി, കേന്ദ്രമന്ത്രിമാർ, ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി തുടങ്ങിയവർ രത്തൻ ടാറ്റയുടെ വിയോഗത്തിൽ അനുശോചനം രേഖപ്പെടുത്തി. കോർപ്പറേറ്റ് മേഖലയെ മികച്ച രീതിയിൽ ധാർമ്മികതയോടെ രാഷ്ട്ര നിർമ്മാണവുമായി സമന്വയിപ്പിച്ച വ്യക്തിയെയാണ് രത്തൻ ടാറ്റയുടെ വിയോഗത്തോടെ നഷ്ടമായതെന്ന് രാഷ്ട്രപതി സമൂഹമാധ്യമത്തിൽ കുറിച്ചു. രത്തൻ ടാറ്റയുടെ വേർപാടിൽ അതിയായ വേദനയുണ്ടെന്ന് ഉപരാഷ്ട്രപതി അനുശോചന സന്ദേശത്തിൽ പറഞ്ഞു. രത്തൻ ടാറ്റയുമായുള്ള ബന്ധം അനുസ്മരിച്ച പ്രധാനമന്ത്രി രാജ്യത്തെ വിദ്യാഭ്യാസം, ആരോഗ്യ സംരക്ഷണം, ശുചിത്വം തുടങ്ങിയ കാര്യങ്ങളിൽ അദ്ദേഹം വലിയ സംഭാവനകൾ നൽകിയിട്ടുണ്ടെന്നും പറഞ്ഞു. ഇന്ത്യയിലെ ഏറ്റവും

പഴക്കമേറിയതും പ്രശസ്തവുമായ ബിസിനസ് സ്ഥാപനത്തിന് സുസ്ഥിരമായ നേതൃത്വം നൽകിയ രത്തൻ ടാറ്റയുടെ ദീർഘവീക്ഷണത്തെയും പ്രധാനമന്ത്രി അനുസ്മരിച്ചു. കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ രാജ്യരക്ഷ മന്ത്രി രാജ്നാഥ് സിംഗ് വിവിധ സംസ്ഥാനങ്ങളിലെ മുഖ്യമന്ത്രിമാർ തുടങ്ങിയവരും അനുശോചനം രേഖപ്പെടുത്തി.

*********************************

## PM – LAOS

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ രണ്ട് ദിവസത്തെ ലാവോസ് സന്ദർശനത്തിന് ഇന്ന് തുടക്കം. ലാവോസ് പ്രധാനമന്ത്രി സോനെക്സെ സിഫാൻഡോണിന്റെ ക്ഷണപ്രകാരമാണ് സന്ദർശനം. 21-ാമത് ആസിയാൻ-ഇന്ത്യ ഉച്ചകോടിയിലും 19-ാമത് ഈസ്റ്റ് ഏഷ്യ ഉച്ചകോടിയിലും ശ്രീ. മോദി പങ്കെടുക്കുമെന്ന് വിദേശകാര്യ മന്ത്രാലയം അറിയിച്ചു. ഇന്ത്യ-ആസിയാൻ ബന്ധത്തിലെ പുരോഗതി, ഭാവി സഹകരണം എന്നിവ ഉച്ചകോടി വിലയിരുത്തും. പ്രാദേശിക പ്രശ്നങ്ങൾ സംബന്ധിച്ചും അംഗരാജ്യങ്ങൾ ചർച്ചകൾ നടത്തും.

*********************************

## CABINET-BRIEFING (INTRO)

രാജ്യത്ത് വിളർച്ചയും സൂക്ഷ്മ പോഷണത്തിന്റെ കുറവും പരിഹരിക്കുന്നതിന്റെ ഭാഗമായി സമ്പുഷ്ടീകരിച്ച അരി വിതരണം തുടരുന്നതിന് കേന്ദ്ര മന്ത്രിസഭാ യോഗം അനുമതി നൽകി. പോഷക സുരക്ഷിതത്വം ഉറപ്പാക്കുന്നതിന്റെ ഭാഗമായാണ് തീരുമാനമെന്ന് ന്യൂഡൽഹിയിൽ മന്ത്രിസഭാ യോഗ തീരുമാനങ്ങൾ വിശദീകരിക്കവെ കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ വകുപ്പ് മന്ത്രി അശ്വിനി വൈഷ്ണവ് പറഞ്ഞു. പ്രധാൻ മന്ത്രി ഗരീബ് കല്യാൺ യോജനയ്ക്കും മറ്റ് ക്ഷേമ പദ്ധതികൾക്കും കീഴിൽ സമ്പുഷ്ടീകരിച്ച അരിയുടെ സൗജന്യ വിതരണം 2028 ഡിസംബർ വരെ തുടരുന്നതിനാണ് കേന്ദ്ര മന്ത്രിസഭായോഗം

അംഗീകാരം നൽകിയത്. അതിർത്തി പ്രദേശങ്ങളിലെ അടിസ്ഥാന സൗകര്യ വികസനത്തിന്റെ ഭാഗമായി രാജസ്ഥാൻ, പഞ്ചാബ് സംസ്ഥാനങ്ങളിൽ 2,280 കീലോമീറ്റർ റോഡ് നിർമിക്കുമെന്നും കേന്ദ്രമന്ത്രി പറഞ്ഞു.

(ഹോൾഡ് വോയിസ്)

ഗുജറാത്തിലെ ലോഥലിൽ National Maritime Heritage Complex ആരംഭിക്കുന്നതിനും മന്ത്രിസഭാ യോഗം അംഗീകാരം നൽകി.

**********************************

## ARMY COMMANDERS CONFERENCE

ഈ വർഷത്തെ രണ്ടാമത് കരസേനാ കമാൻഡേഴ്സ് കോൺഫറൻസിന്റെ ആദ്യ ഘട്ടത്തിന് ഇന്ന് സിക്കിമിലെ ഗാംഗ്ടോക്കിൽ തുടക്കമാകും. നിലവിലെ പ്രവർത്തന തയ്യാറെടുപ്പുകൾ അവലോകനം ചെയ്യുന്നതിനും, നിർണായക തന്ത്രങ്ങൾ കൂടിയാലോചിക്കുന്നതിനും, ഭാവി നിർദ്ദേശങ്ങൾ രൂപപ്പെടുത്തുന്നതിനുമുള്ള വേദിയായി ദ്വിദിന സമ്മേളനം പ്രവർത്തിക്കും. രാജ്യ രക്ഷാ മന്ത്രി രാജ്നാഥ് സിംഗ് സമ്മേളനത്തെ അഭിസംബോധന ചെയ്യും. കരസേനാ കമാൻഡേഴ്സ് കോൺഫറൻസിന്റെ രണ്ടാം ഘട്ടം ഈ മാസം 28, 29 തീയതികളിൽ ഡൽഹിയിൽ നടക്കും.

**********************************

## NIYAMASABHA – TODAY

ഒരു രാജ്യം, ഒരു തിരഞ്ഞെടുപ്പ് പരിഷ്കരണം, വഖഫ് ബോർഡ് ഭേദഗതി ബിൽ എന്നിവയുമായി ബന്ധപ്പെട്ട രണ്ട് സർക്കാർ പ്രമേയങ്ങൾ കേരള നിയമസഭ ഇന്ന് പരിഗണിക്കും. ഒരു രാജ്യം, ഒരു തിരഞ്ഞെടുപ്പ് പരിഷ്കരണത്തിൽ നിന്ന് പിന്മാറണമെന്ന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുന്ന ചട്ടം 118 പ്രകാരമുള്ള പ്രമേയം മുഖ്യമന്ത്രി പിണറായി വിജയൻ ആണ് നിയമസഭയിൽ

അവതരിപ്പിക്കുക. 2024 ലെ വഖഫ് ഭേദഗതി ബിൽ പിൻവലിക്കണമെന്ന് ആവശ്യപ്പെടുന്ന പ്രമേയം ന്യൂനപക്ഷ ക്ഷേമ മന്ത്രി വി അബ്ദുറഹ്മാൻ അവതരിപ്പിക്കും.

*********************************

## REV PREZ – VISIT

രാഷ്ട്രപതി ദ്രൗപതി മുർമു ഞായറാഴ്ച മുതൽ ഏഴുദിവസം അൾജീരിയ, മൗറിറ്റാനിയ, മലാവി എന്നീ രാജ്യങ്ങൾ സന്ദർശിക്കും. അൾജീരിയൻ പ്രസിഡന്റ് അബ്ദുൽ മദ്ജിദ് ടെബൗണിന്റെ ക്ഷണപ്രകാരമാണ് സന്ദർശനം. ഈ മാസം 13 മുതൽ 15 വരെ അൾജീരിയയിലാണ് ആദ്യഘട്ട സന്ദർശനം. രണ്ടാം ഘട്ടത്തിൽ മൗറിറ്റാനിയയും അവസാന ഘട്ടത്തിൽ മലാവിയും ശ്രീമതി ദ്രൗപതി മുർമു സന്ദർശിക്കും.

*********************************

## MENTAL HEALTH DAY

ഇന്ന് ലോക മാനസികാരോഗ്യ ദിനം. മാനസികാരോഗ്യ പ്രശ്നങ്ങളെക്കുറിച്ച് അവബോധം വളർത്തുക, മാനസികാരോഗ്യ സംരക്ഷണത്തിന് പിന്തുണ നൽകുക എന്നീ ലക്ഷ്യങ്ങളോടെയാണ് ദിനാചരണം. തൊഴിലിടങ്ങളിലെ മാനസികാരോഗ്യം എന്നതാണ് ഈ വർഷത്തെ പ്രമേയം. 2015-16 ൽ നടത്തിയ ദേശീയ മാനസികാരോഗ്യ സർവേ പ്രകാരം, ഇന്ത്യയിലെ മുതിർന്നവരിൽ 10.6 ശതമാനം പേരും മാനസികാരോഗ്യ വൈകല്യങ്ങൾ അനുഭവിക്കുന്നവരാണ്.

*********************************

## CRICKET

ഇന്നലെ ന്യൂഡൽഹിയിലെ അരുൺ ജെയ്റ്റ്ലി സ്റ്റേഡിയത്തിൽ നടന്ന ബംഗ്ലാദേശിനെതിരായ പുരുഷന്മാരുടെ രണ്ടാം ട്വന്റി-20 ക്രിക്കറ്റ് മത്സരത്തിൽ, ഇന്ത്യക്ക് 86 റൺസിന്റെ ഉജ്ജ്വല ജയം.

രണ്ടാം ജയത്തോടെ മൂന്ന് മത്സരങ്ങളുടെ പരമ്പര ഇന്ത്യ സ്വന്തമാക്കി. ഇന്നലെ ദുബായ് അന്താരാഷ്ട്ര ക്രിക്കറ്റ് സ്റ്റേഡിയത്തിൽ നടന്ന ഐസിസി വനിതാ ട്വൻറി- 20 ലോകകപ്പ് ഗ്രൂപ്പ് 'എ' മത്സരത്തിൽ ശ്രീലങ്കയെ 82 റൺസിന് ഇന്ത്യ തോൽപ്പിച്ചു.

********************************

## TABLE-TENNIS

കസാക്കിസ്ഥാനിലെ അസ്റ്റാനയിൽ നടക്കുന്ന ഏഷ്യൻ ടേബിൾ ടെന്നീസ് ചാമ്പ്യൻഷിപ്പിൽ ഇന്ത്യൻ വനിതാ ടീമിന് വെങ്കലം. വനിതാ വിഭാഗത്തിൽ രാജ്യം നേടുന്ന ആദ്യ മെഡലാണിത്. അതേസമയം കസാക്കിസ്ഥാനെ വീഴ്ത്തി ഇന്ത്യൻ പുരുഷ ടീം സെമിയിൽ പ്രവേശിച്ചു.

********************************

## DIGILOCKER UMANG

വിവിധ സർക്കാർ സേവനങ്ങളുടെ സേവനം തടസമില്ലാതെ ലഭ്യമാക്കുന്നതിന് ഉമംഗ് ആപ്പ് ഡിജിലോക്കറുമായി സംയോജിപ്പിക്കാൻ നാഷണൽ ഇ-ഗവേണൻസ് വിഭാഗം തീരുമാനിച്ചു. ഇതോടെ ഒന്നിലധികം സേവനങ്ങൾ ഒറ്റ പ്ലാറ്റ്ഫോമിലൂടെ ഉപഭോക്താക്കൾക്ക് ലഭ്യമാകുമെന്ന് ഇലക്ട്രോണിക്സ്, ഐടി മന്ത്രാലയം അറിയിച്ചു. എല്ലാ ആൻഡ്രോയിഡ് ഉപഭോക്താക്കൾക്കും ഉമംഗ് ആപ്പിന്റെ സേവനങ്ങൾ ഡിജിലോക്കർ വഴി ലഭിക്കും. അവശ്യ രേഖകൾ സുരക്ഷിതമായി സൂക്ഷിക്കാൻ കഴിയുന്ന സംരംഭമാണ് ഡിജിലോക്കർ എന്നും മന്ത്രാലയം അറിയിച്ചു.

********************************

## GEORGE KURIAN

കൊച്ചി വിമാനത്താവളത്തിൽ വളർത്തു മൃഗങ്ങളുടെ ഇറക്കുമതിക്കായി ഏർപ്പെടുത്തിയ ക്വാറന്റീൻ , സർട്ടിഫിക്കേഷൻ സംവിധാനങ്ങളുടെ ഉദ്ഘാടനം ഇന്ന് രാവിലെ കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ നിർവഹിക്കും. സിയാലിന്റെ ഡൊമസ്റ്റിക് ടെർമിനലിലാണ് ചടങ്ങ്.

*********************************

## RAIN

കേരളത്തിൽ വ്യാപകമഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. പത്തനംതിട്ട ജില്ലയിൽ ഇന്ന് ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചു. 9 ജില്ലകളിൽ മഞ്ഞ ജാഗ്രതയും നൽകിയിട്ടുണ്ട്. കേരള-കർണാടക -ലക്ഷദ്വീപ് തീരങ്ങളിൽ ഞായറാഴ്ച വരെ മത്സ്യബന്ധനത്തിന് വിലക്ക്.

*********************************

## BIDEN-NETANYAHU DISCUSSION

യുഎസ് പ്രസിഡന്റ് ജോ ബൈഡൻ ഇസ്രായേൽ പ്രധാനമന്ത്രി ബെന്യമിൻ നെതന്യാഹുവുമായി ഇന്നലെ രാത്രി സംഭാഷണം നടത്തി. ഇരുവരും തമ്മിൽ നടന്ന സംഭാഷണം ഫലപ്രദമായിരുന്നുവെന്നു വൈറ്റ് ഹൗസ് വക്താവ് അറിയിച്ചു. പശ്ചിമേഷ്യയിൽ തുടരുന്ന സംഘർഷത്തിൽ മരിക്കുന്നവരുടെ എണ്ണം വർദ്ധിക്കുന്നതിൽ അമേരിക്ക ആശങ്ക പ്രകടിപ്പിച്ചതായി വൈറ്റ് ഹൗസ് അധികൃതർ പറഞ്ഞു.

***********************************************************************

*********************************